കടമായി കൊടുക്കുന്നുണ്ട്. 1953-54-ൽ ആകെ 5,05,182 രൂപ വിലയുള്ള വളം കടം കൊടുത്തിട്ടുണ്ട്. ഈ ഇനത്തിൽ ഇനിയും 1,44,382 രൂ 11 ണ. 9 പൈസ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിൽ 1953-54-ൽ 24 കൃഷിക്കാർക്ക് വളം കൊടുത്തിട്ടുണ്ട്. അവരിൽ 17 പേർ 1-11-54 വരെ കടം അടച്ചുതീർത്തിട്ടില്ല. അവരുടെ പേരുവിവരത്തിനു് † ലിസ്റ്റ് ഇതോടൊന്നിച്ചു വച്ചിട്ടുണ്ട്.

പാലംപണി.

143. [20] ശ്രീ. കെ. എസ്. കൃഷ്ണൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ശാസ്താംകോട്ടവഴി ചെങ്കോട്ട, കോഴിത്തോട്ടം എന്ന ഒരു നീണ്ട ലൈൻ മദ്ധ്യതിരുവിതാംകൂറിൽ ഉണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലൈനിൽ കല്ലടയാറിലെ കുന്നത്തൂർ കടവിൽ ഒരു പാലം ആവശ്യമാണെന്നുള്ള മെമ്മോറാണ്ടങ്ങളും അപേക്ഷകളും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇതേപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഈ) അടുത്ത പഞ്ചവത്സരപദ്ധതിയോടുകൂടി പ്രവർത്തനം തുടങ്ങുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ പാലവും ഉൾപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്.

(ഈ) തുടങ്ങാമെന്നു വിശ്വസിക്കുന്നു.

കൊഴിഞ്ഞാമ്പാറയും, ചിറ്റൂരും ഡിസ്പെൻസറികൾ.

144. [21] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

കൊഴിഞ്ഞാമ്പാറ ഡിസ്പെൻസറിയിലേയും, ചിറ്റൂർ ആശുപത്രിയിലേയും ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിലേയും അതിനു മുൻപുള്ള രണ്ടു സാമ്പത്തികവർഷങ്ങളിലേയും ഔട്ടുപേഷ്യൻറ്, ഇൻപേഷ്യൻറ്, ഡലിവറി കേസുകൾ എന്നിവ ഓരോന്നും വേറെ വേറെ വ്യക്തമാക്കുമോ?

†Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly